# Briefing on COVID-19 related issues for Heads of Diplomatic Missions and International Organizations in New Delhi

November 06, 2020

## നയതന്ത്ര മിഷനുകളുടെയും അന്തരാഷ്ട്ര സ്ഥാപനങ്ങളിലെയും മേധാവികൾക്ക് കോവിഡ് -19 സംബന്ധമായ പ്രശ്നങ്ങളെക്കുറിച്ച് ന്യൂഡൽഹിയിൽ വച്ച് വിവരണം നൽകുന്നു.

നവംബർ 06, 2020

1. നയതന്ത്ര മിഷനുകളുടെയും അന്തരാഷ്ട്ര സ്ഥാപനങ്ങളിലെയും മേധാവികൾക്ക് കോവിഡ് -19 സംബന്ധമായ പ്രശ്നങ്ങളെക്കുറിച്ച് വിവരണം നൽകുന്നതിനായി 2020 നവംബർ 6 ന് ന്യൂ ഡൽഹിയിൽ വച്ചുള്ള ഒരു സെഷൻ വിദേശകാര്യാമന്ത്രാലയം സംഘടിപ്പിച്ചു. നയതന്ത്ര മിഷനുകളുടെയും അന്ത്രദേശീയ സ്ഥാപങ്ങളുടെയുമായി 190 ൽ അധികം ഉന്നത പ്രതിനിധികൾ ഇതിൽ പങ്കെടുത്തു.

2. 2020 മാർച്ച് മുതൽ മരുന്നുകൾ, രോഗനിർണയ കിറ്റുകൾ, ചികിത്സ ഉപകരണങ്ങൾ എന്നിവ നൽകിക്കൊണ്ടും പരിശോധനയ്ക്കും കേസുകൾ കൈകാര്യം ചെയ്യുന്നതിനുമായുള്ള ഓൺലൈൻ പരിശീലന പരിപാടികൾ നടത്തിയും കോവിഡ് -19 തിന് എതിരായ പോരാട്ടത്തിൽ പങ്കാളിത്ത രാജ്യങ്ങൾക്കൊപ്പം ഇന്ത്യ സക്രിയമായി പങ്കെടുത്തിരുന്നു. ഇതിന്റെ വാക്സിൻ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുമ്പോൾ തന്നെ , അയൽ രാജ്യങ്ങൾക്കായി ഇന്ത്യ സംഘടിപ്പിച്ച ക്ലിനിക്കൽ ട്രയലുകൾ സംബന്ധിച്ചുള്ള പരിശീലന പരിപാടികളിൽ ഏകദേശം 90 വിദഗ്ധരും 8 രാജ്യങ്ങളും പങ്കെടുത്തിരുന്നു.സഹകരണാടിസ്ഥാനത്തിലുള്ള ഇത്തരം പദ്ധതികൾ അയൽ രാജ്യങ്ങളിലേക്കും മാത്രമല്ല താല്പര്യമുള്ള മറ്റു രാജ്യങ്ങളിലേക്കും വ്യാപിക്കുന്നതിനും ഞങ്ങൾ തയ്യാറായിരുന്നു.

3. NITI ആയോഗിൽ അംഗമായ ഡോ. വിനോദ് കെ പോൾ; ഇന്ത്യൻ സർക്കാരിന്റെ പ്രധാന ശാസ്ത്രീയ ഉപദേഷ്ടാവ് പ്രൊഫ.കെ വിജയ് രാഘവൻആരോഗ്യ സെക്രട്ടറി ശ്രീ.രാജേഷ് ഭൂഷൺ, ബയോടെക്നോളജി വിഭാഗം സെക്രട്ടറി ഡോ. രേണു സ്വരൂപ്; ശാസ്ത്ര സാങ്കേതിക വകുപ്പ് വിഭാഗം സെക്രട്ടറി പ്രൊഫ. ആഷുതോഷ് ശർമ്മ, സയന്റിഫിക് & ഇൻഡസ്ട്രിയൽ റിസർച്ച് കൗൺസിൽ ഡയറക്ടർ ജനറൽ ഡോ. ശേഖർ മാൻഡെ, ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പിലെ ഇ -ഗവേൺസ് വിഭാഗം പ്രസിഡന്റ് & CEO ആയ ശ്രീ. അഭിഷേക് സിംഗ് കൂടാതെ

വിദേശകാര്യ സെക്രട്ടറി ശ്രീ ഹർഷ് വർധ ശൃംഗള എന്നിവർ ഇന്നത്തെ സംക്ഷിപ്ത വിവരണത്തിൽ പങ്കെടുത്തു.

4. ഇന്ത്യ കോവിഡ് -19 കൈകാര്യം ചെയ്ത രീതികൾ, വാക്സിൻ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ, വാക്സിൻ വിതരണ സംവിധാനത്തിലെ സോഫ്റ്റ് വെയർ കൂടാതെ അനുബന്ധ പ്രശ്നങ്ങൾ കൂടാതെ അന്തരാഷ്ട്ര സഹകരണം എന്നിവയെ പറ്റി പങ്കെടുത്തവർക്ക് വിവരണം നൽകിയിരുന്നു. കോവിഡ് -19 കേന്ദ്രീകരിച്ചുള്ള ഗവേഷണവും വാക്സിൻ വികസന പ്രവർത്തനങ്ങളും നടത്തുന്ന സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനായി നയതന്ത്ര മിഷനുകൾ, അന്തർദേശീയ സ്ഥാപനങ്ങൾ എന്നിവയുടെ ഉന്നത തല ഉദ്യോഗസ്ഥർക്ക് ഒരു യാത്ര സംഘടിപ്പിക്കുന്നതാണെന്നും MEA അറിയിച്ചു.

**ന്യൂ ഡൽഹി**

**06 നവംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.